കേരള സർക്കാർ

നം.61873/ഡിസി1/09/തസ്വഭവ.

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 24-10-2009.

## <u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - നിരോധിച്ച പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം തടയുന്നത് - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 16-12-2006-ലെ പി.സി.ബി.3120/2005 നമ്പർ വിജ്ഞാപനം

2) 24-9-07-ലെ സ.ഉ.(സാധ)നം.2594/2007/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

സൂചന ഒന്നിലെ വിജ്ഞാപന പ്രകാരം 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കാരിബാഗുകൾ, 20 x 30 സെന്റിമീറ്ററിൽ താഴെ വലിപ്പമുള്ള പ്ലാസ്റ്റിക് കാരിബാഗുകൾ, 30 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക് കുപ്പികൾ, കപ്പുകൾ, പാക്കിംഗ് സാധനങ്ങൾ എന്നിവ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. ഇവ നിർമ്മിക്കുന്നതും, സംഭരിക്കുന്നതും, വിതരണം നടത്തുന്നതും വിൽക്കുന്നതും വിനിയോഗം നടത്തുന്നതും കർശനമായി നിരോധിച്ചതായി ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് വസ്തുക്കൾ കടത്തിക്കൊണ്ടുപോകുന്നതും ശേഖരിക്കുന്നതും തരംതിരിക്കുന്നതും പുന:ചംക്രമണം നടത്തുന്നതും കുറ്റകരമാണ്.

നിരോധനം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സൂചന രണ്ടിലെ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും, നിയമം ലംഘിക്കുന്ന സാഹചര്യത്തിൽ സാധനങ്ങൾ പിടിച്ചെടുക്കൽ, പിഴ അടിക്കൽ, സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യൽ ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ കൈക്കൊള്ളാനും സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

എന്നിരുന്നാലും സംസ്ഥാനത്ത് 30 മൈക്രോണിൽ താഴെയുള്ള നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഇപ്പോൾ വിപണിയിൽ സജീവമാണെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നിരോധിച്ച പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ തടയുന്നതിന് ആവശ്യമായ കർശനമായ നടപടികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

എസ്.എം.വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ ചെയർമാൻമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാം ജില്ലാ മെഡിക്കൽ ആഫീസർമാർക്കും (ഹെൽത്ത് സർവ്വീസ് ഡയറക്ടർ വഴി)
എല്ലാ ജില്ലാ കളക്ടർമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (പത്ര മാധ്യമങ്ങളിൽ പരസ്യം ചെയ്യുന്നതിനായി)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്:- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം.
തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ഇടുന്നതിന്.

ഉത്തരവിൻപ്രകാരം അയക്കുന്നത്.

സെക്ഷൻ ഓഫീസർ.